(ഇ) & (എഫ്) ഓരോ യൂണിറ്റിനും വരുന്ന തുക നിജപ്പെടുത്തുന്നതിനുള്ള നടപടികൾ സിഡ്കോ സ്വീകരിച്ചുവരുന്നത് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്.

ടി.ഡി.പി. പ്ലാന്റിന്റെ പ്രവർത്തനത്തിൽവന്ന വീഴ്ചമൂലമുണ്ടായ നഷ്ടം

17 [3531] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എം.എൽ.-ലെ ടി.ഡി.പി. പ്ലാന്റുമായി ബന്ധപ്പെട്ടവരുടെ പ്രവർത്തനത്തിൽവന്ന വീഴ്ചമൂലം സംസ്ഥാനത്തിന് 358.59 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി 2003-2004 വർഷത്തെ സി ആന്റ് എ. ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ വീഴ്ചവരുത്തിയത് ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) സംഭവിച്ച വീഴ്ചകൾ കണ്ടെത്തി നടപടി സ്വീകരിക്കുവാൻ ഒരു വിജിലൻസ് അന്വേഷണം നടത്താൻ സർക്കാരിന് ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) പ്രസ്തുത റിപ്പോർട്ട് വ്യവസായവകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി) & (സി) റിപ്പോർട്ട് ലഭിച്ചതിനുശേഷം സർക്കാർ പരിശോധിക്കുന്നതാണ്.

ഇൻഫോപാർക്കിലെ വിദേശമൂലധനമുടക്കുള്ള യൂണിറ്റുകൾ

18 [3532] *ശ്രീ. പി. ജെ. ജോയി:*
,, *വി. ഡി. സതീശൻ:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ഇൻഫോപാർക്കിൽ എത്ര യൂണിറ്റുകൾ ആരംഭിക്കാനുള്ള സൗകര്യമുണ്ട്;

(ബി) അവിടെ എത്ര യൂണിറ്റുകൾ തുടങ്ങാനുള്ള നടപടികളായി;

(സി) ഇവയിൽ വിദേശമൂലധനമുടക്കുള്ള എത്ര യൂണിറ്റുകൾ പെടുമെന്ന് വ്യക്തമാക്കാമോ;

(ഡി) അവിടെ ആരംഭിക്കുവാൻ നടപടി സ്വീകരിച്ച യൂണിറ്റുകളിൽ ഒട്ടാകെ എന്തു തുകയ്ക്കുള്ള മുതൽമുടക്ക് നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly